പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2974  07/02/2018 ൽ മറുപടിയ്ക്ക്

**സ്കൂളുകളുടെ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഇല്ല |
| (ബി) | വിദ്യാഭാരതി സ്കൂളുകൾക്ക് അംഗീകാരം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; | (ബി) | അപേക്ഷ ലഭിച്ചതായി കാണുന്നില്ല. |
| (സി) | അംഗീകാരമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | സർക്കാരിന്റെ 19/07/2017-ലെ G.Edn. F1/27/2017/G.Edn നം. കത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പട്ടിക തയ്യാറാക്കുന്നതിനും നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് അവ പൂട്ടുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) | 2016 മേയ് മാസത്തിന് ശേഷം എത്ര സ്കൂളുകൾ നിർത്തലാക്കി; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 2016 മേയ് മാസത്തിന് ശേഷം സ്കൂളുകൾ നിർത്തലാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ